വാല്യം 24 മേയ് 2017

# അഗപെ കയ്യെഴുത്തു മാസിക

ലേഖനം - ബ്രദർ :സാജു ജോൺ മാത്യു

---------------------------------------

ലേഖനം - ബ്രദർ :നൈനാൻ തോമസ്



follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി


1, മുഖവുര 03

2, സ്വർഗ്ഗീയ സ്ഥാനാധിപത്യം നഷ്ടമാകുന്നത് എപ്പോൾ 06

ബ്രദർ :സാജു ജോൺ മാത്യു

3, ഞാൻ എന്തിനു യേശുവിനെ വന്ദിക്കണം 11

ബെന്നി ജോർജ് മണലി

4, നീതിമാന്റെ വടിയോടുള്ള എന്റെ മനോഭാവം 17

ബ്രദർ :നൈനാൻ തോമസ്

5, സക്കായിയെ വേഗം ഇറങ്ങി വാ 22

ജസ്റ്റിൻ കുമ്പഴ

6, നീതിമാന്മാരെന്നുറച്ചു മറ്റുള്ളവരെ ധിക്കരിക്കുന്നവർ 26

ഷിബു ഡാനിയേൽ

7, പഴയ പാട്ടുകൾ 34

കൊച്ചുകുഞ്ഞു ഉപദേശി

8, ചോദ്യാവലി 37


"മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു
നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും
നിങ്ങൾ അവർക്കും ചെയ്യുവിൻ"

സ്വാർത്ഥതയും അസഹിഷ്ണുതയും കൊണ്ട് മൂടിയിരിക്കുന്ന ഈ അന്ത്യകാലഘട്ടത്തിൽ യേശു കർത്താവിന്റെ മനോഹരമായ പ്രശ്നപരിഹാര ഉപാധിയാണിത്. ഒരു ചെറിയ പ്രശ്നങ്ങളെപ്പോലും അഭിമുഖീകരിക്കുവാൻ ഈ കാലഘട്ടത്തിന് കഴിയാതെയാകുന്നു. സഹിഷ്ണുതയില്ലായ്മ കൂടെപ്പിറപ്പായിരിക്കുന്നു. സഹിഷ്ണുതയില്ലാത്ത മാതാപിതാക്കൾക്ക് ബഹുമാനിക്കുവാൻ അറിയാത്ത സന്തതികൾ പിറവിയെടുക്കുന്നു. മെട്രോകളിൽ, ട്രെയിനുകളിൽ, ബസുകളിൽ ഹോസ്പിറ്റലുകളിൽ, ജോലി സ്ഥാപനങ്ങളിൽ, എവിടത്തും മുതിർന്നവരെയോ, ആലംബഹീനരെയോ, ബഹുമാനിക്കുകയോ, സഹായിക്കുകയോ ചെയ്യുവാൻ കഴിയാതെവണ്ണം തങ്ങളിലേക്കു മാത്രം ചുരുങ്ങുന്നവരായി സമൂഹം മാറിപ്പോയിരിക്കുന്നു. ഒരു മൊബൈൽ ഫോണും ഞാനും ഉണ്ടെങ്കിൽ ഞാൻ മാത്രം ഉള്ള ലോകം സൃഷ്ടിച്ച് അതിലെ രാജാവായി ഞാൻ വാഴുന്നു. ചുറ്റും നില്ക്കുന്നവർക്ക് എന്ത് സംഭവിക്കുന്നുവെന്നോ ചുറ്റിലും നടക്കുന്നത് എന്താണെന്നോ അറിയുകയോ ശ്രമിക്കുകയോ ചെയ്യാതെ, എന്റെ സുഖങ്ങളും എന്റെ സന്തോഷങ്ങളും മാത്രം ഞാൻ അന്വേഷിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്നു. അല്ലെങ്കിൽ എനിക്ക് സന്തോഷം ലഭിക്കുവാനായി മറ്റുള്ളവരോട് എന്റെ ക്രൂരമായ നോട്ടത്തിൽ നിഷ്ഠൂരമായി ഞാൻ ആജ്ഞാപിക്കുന്നു.

സുവിശേഷങ്ങളുടെ അദ്വിതീയവും ശാസ്ത്രത്തിന്റെ വളർച്ചയും ക്രിസ്തുയേശുവിന്റെ ഭാവമാകുന്ന കഷ്ടത നമ്മിൽ നിന്ന് എടുത്തു മാറ്റിയിരിക്കുന്നു. എന്നെന്നും നിലനിൽക്കുന്ന വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നിലെ പ്രത്യാശയിലേക്കുള്ള പാലമായ സഹിഷ്ണുതയാകുന്ന ക്രിസ്തു യേശുവിന്റെ ഭാവം, കഷ്ടതയിൽ കൂടിവരുന്നതു മനസ്സിലാകായ്ക മൂലം നമ്മിൽ നിന്ന് അന്യം നിന്നു പോകുന്നു.

എപ്പോഴും നാം ആഗ്രഹിക്കുന്നതും ഇച്ഛി-
ക്കുന്നതും മറ്റുള്ളവർ എനിക്ക് നൻമയുള്ളത് ചെയ്യണം
ഇന്നയിന്ന കാര്യങ്ങൾ, ഞാനിടപഴകുന്നവർ എനിക്കായി ചെയ്തു
തരേണമെന്നും എന്റെ സുഖസൗകര്യങ്ങൾക്കായി പ്രവർത്തിക്ക-
ണമെന്നും ഞാൻ നിഷ്കർഷിക്കുന്നു. അതനുസൃതം പ്രവർത്തിക്കാ
യി ആരെങ്കിലുമൊക്കെ നമ്മുടെ ചുറ്റിലും ഇല്ലെങ്കിൽ പിന്നെ
പ്രത്യാശയ്ക്കു ഭംഗം വരികതന്നെ ചെയ്യും. പൗലോസ്
ശ്ലീഹാ റോമാ ലേഖനത്തിൽ എഴുതിയിരിക്കുന്നത്
'കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും
സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം
കഷ്ടങ്ങളിലും പ്രശംസിക്കുന്നു' എന്നാണ്.

ഇന്ന് കഷ്ടങ്ങളിൽ പ്രശംസിക്കുന്നതിനു
പകരം ലോക സമ്പാദ്യത്തിനു ഉതകാത്തവണ്ണം കഷ്ടങ്ങളിൽ
നാം അസ്വസ്ഥപ്പെടുകയാണ്. പ്രത്യാശയിലേക്കുള്ള പാലക
മായ കഷ്ടതയും, കഷ്ടതയിൽ നിന്നുളവാകുന്ന സഹിഷ്ണു
തയും നമ്മിൽ നിന്ന് അന്യമാകുന്നതു കൊണ്ട് വാസ്തവത്തിൽ
പൗലോസ് നമ്മെക്കുറിച്ച് പ്രതീക്ഷിച്ചതിനു വിപരീതമായി
പ്രത്യാശയ്ക്കു ഭംഗം വരുകയാണ്.

നമ്മുടെ സുഖങ്ങൾക്കായി ഉപയോഗിക്കപ്പെടുവാൻ
മറ്റുള്ളവരെ തേടുമ്പോൾ ഇതിനു പരിഹാരമായി ഈശോമിശി
ഹാ കർത്താവിനു നമ്മെ ഉപദേശിക്കുവാനുള്ളത് 'മനുഷ്യർ നിങ്ങൾ
ക്കു ചെയ്യണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ
അവർക്കും ചെയ്‌വിൻ.' നമുക്കു പ്രാക്ടീസില്ലാത്തതു കൊണ്ട്
ബുദ്ധിമുട്ടാണെന്നറിയാം. എങ്കിലും നമുക്കു ഒന്നു പ്രയോഗ
ത്തിലേക്കു കൊണ്ടുവരുവാൻ ആവശ്യമായ കൃപയ്ക്കായി
ദൈവത്തോട് അപേക്ഷിക്കാം. പരിശുദ്ധാത്മാവിന്റെ
കൃപയാൽ നമുക്ക് സാധിക്കും. നിശ്ചയം.

ലേഖനം



ബ്രദർ :സാജു ജോൺ മാത്യു



# സ്വർഗ്ഗീയ സ്ഥാനാധിപത്യം നഷ്ടമാകുന്നത് എപ്പോൾ

വായനാഭാഗം :വിലാപങ്ങൾ 1: 1-17

അവളുടെ മലിനത ഉടുപ്പിന്റെ വിളുമ്പിൽ കാണുന്നു;
അവൾ ഭാവികാലം ഓർത്തില്ല; അവൾ അതിശയമാംവണ്ണം
വീണുപോയി; അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ല;

(വാക്യം 9)

നാം അനുഗ്രഹിക്കപ്പെടുന്നത് സാന്ത്വനവും, വാഗ്ദത്തവും, അനുഗ്രഹവും ഒക്കെ പ്രസംഗിക്കുന്നത് കൊണ്ടാണോ എന്ന് ചിന്തിച്ചു നോക്കൂ. ഒരു പ്രവാചകൻ പട്ടണത്തിൽ കരഞ്ഞുകൊണ്ട് നടന്ന് പാപം മൂലം ദൈവം കോപാകുലനായും ശത്രുതയോടും ആയിരിക്കുന്നു. മാനസാന്തരപ്പെടാത്ത സഭയ്ക്ക് മഹാവിപത്ത് എന്നു വിളിച്ചു പറയുന്നു. എന്നാൽ അവർ എങ്ങനെ പ്രതികരിച്ചു. അവർ സ്വസ്ഥമായി പുറത്തു വന്നുവോ, ദൈവഹിതത്തിന്റെ വ്യക്തതയിൽ എത്തപ്പെട്ടോ. പാപത്തിൽ മുഴുകിയ സഭയോടുള്ള പ്രവാചകന്റെ വാക്കുകൾ ഫലപ്പെടുന്നില്ല എന്ന് ഓർക്കുക.

"കരയുന്ന പ്രവാചകനായ യിരമ്യാവിനാൽ എഴുതപ്പെട്ടതാണ് "വിലാപങ്ങൾ". പ്രവാചകനിൽ നിന്നുള്ള അതി വിശിഷ്ടമായ പദ്യമാണിത്. ഇത് തന്റെ മനസ്സാണ്. ഉത്സവങ്ങളുടെ നഗരമായ സീയോന്റെ തകർച്ചയാണ് ഞാൻ കാണുന്നത്. [വാ.4] അതിനെ കണ്ട് അതിദുഃഖത്തോടെ കരയുകയാണ്. അവൾ ഒരിക്കൽ സർവ്വ രാജ്യങ്ങളിലും ശ്രേഷ്ഠം ആയിരുന്നു. ഇപ്പോൾ ഒരു വിധവയെ പോലെ ആയിത്തീർന്നിരിക്കുന്നു. ഒരിക്കൽ രാജകുമാരിയായിരുന്നു. ഇപ്പോൾ അടിമയായി. [വാ.1] ഒരിക്കൽ വിശേഷിക്കുന്നവളായിരുന്നു.

[വാ. പുറപ്പാട് 19:5]. ദൈവത്തിൻ്റെ സ്വന്തം സമ്പത്തായ്
അറിയപ്പെടുന്നവർ [വാ. 3].

ഇസ്രായേൽ ജനതയുടെ ജീവിതം അന്ധകാരമ
യം വിധം മാറപ്പെട്ടു. സീയോൻ പട്ടണം തീവ്രദുഃഖത്തിലും
കയ്പിലുമായി. ഉത്സവങ്ങളിൽ ദൈവികദർശനങ്ങൾ ഇല്ലാതെയായി.
അവരുടെ പുരോഹിതന്മാർ നെടുവീർപ്പിടുന്നു. [വാ. 4]
അവരുടെ മക്കൾ പ്രവാസത്തിലേക്ക് പോയിരിക്കുന്നു. [വാ. 5]
സകല മഹത്വവും അവരെ വിട്ട് അകന്നിരിക്കുന്നു. ആലയ
ത്തിൽ വന്ന് ആരാധിക്കുന്ന യിസ്രായേൽ,
തങ്ങളുടെ ദുഷ്ടത ദൈവം ഒരിക്കലും
കാണുകയില്ല എന്ന് ചിന്തിച്ചു. ദൈവം
ദുഷ്ടതയ്ക്ക് മറപിടിക്കില്ല. ദൈവത്തെ
സ്വാധീനിക്കുവാൻ ആരാധന എന്ന കൗശലം
കൊണ്ട് കഴിയുകയില്ല. ആരാധനയ്ക്ക് മാത്രമ
ളെ പ്രീതി വയ്ക്കുവാനും കഴിയുകയില്ല.



ഇന്നത്തെ സഭകളുടെ കഥയും ഇങ്ങനെ
തന്നെയാണ്. അധാർമ്മികരായവർ പാടുന്നു. നൃത്തം ചെയ്യുന്നു.
പ്രസംഗിക്കുന്നു. പ്രവചിക്കുന്നു. ഭയം കൂടാതെ ദൈവത്തിന്റെ
ദയക്കായി വിളിച്ചപേക്ഷിച്ച് ഉച്ചത്തിൽ പറയുന്നു. എന്നാലും
അവർ തങ്ങളുടെ അധാർമ്മികതയിൽ തന്നെ തുടരുന്നു. അനന്യാ
സും സഫീറയും പരിശുദ്ധാത്മാവിന് വിരോധമായി വ്യാജം
പറഞ്ഞ് അവിടെത്തന്നെ വീണ് മരിച്ചു. എന്നാൽ ഇന്ന്
എങ്ങനെയാണ് പിടിച്ചുപറിക്കാരും, പാപികളും പെട്ടെന്ന്
മരിക്കാതിരിക്കുന്നത്. അവർ തിരുസന്നിധിയിലേക്കു കരങ്ങളെ
നീട്ടുന്നുണ്ട്. ദൈവം ഈ അധമരെ കാണുന്നില്ലേ?

നീ ചെയ്യുന്നതൊക്കെയും ഞാൻ കാണുന്നു.
[യിരെമ്യാവ് 7:10] കർത്താവ് പറയുന്നു. ദൈവത്തിന്റെ നീതിയുള്ള—

വിധി വെളിപ്പെടുന്ന കോപ ദിവസത്തേക്ക് നിനക്കു തന്നെ കോപം ചരതിച്ചു വെക്കുന്നു. [റോമർ:2:5] അഹങ്കാരികളെ അശേഷം ശേഷിക്കാതെ ദഹിപ്പിക്കുന്ന ദിവസം വരുന്നു. [മലാഖി. 4:1].

'അവൾ അവസാനത്തെ ഓർത്തില്ല'. [വാ.9]

ഒരു 'അവസാനം ഉണ്ട്' ദൈവത്തിന്റെ ദയയുടെ കാലം തീരാറായി. അവസാനം വന്നിരിക്കുന്നു. ദൈവം ദയ കൂടാതെ വ്യവഹരിക്കുന്ന ദിവസം വരുന്നു. യിരമ്യാവിനെ പോലുള്ളവരെയാണ് നമുക്ക് ആവശ്യം. ഇന്നത്തെ സഭയെ ഓർത്ത് കരയുന്നവരെ. ശിക്ഷാവിധിക്കായി കാത്തിരിക്കുന്ന ഉറങ്ങുകയാണോ?

'അവൾ അതിശയമാംവണ്ണം വീണു പോയി. [വാ.9]

അതെ, ലോകമയമായ സഭകൾ വീഴുവാൻ പോകുന്നു. അവരെ ആശ്വസിപ്പിപ്പാൻ ആരും ഉണ്ടായിരുന്നില്ല. സഭയുടെ നടപ്പ് ആത്മിക പരമാകുന്നില്ലെങ്കിൽ, വഴികളെ നേരെയാകുന്നില്ലെങ്കിൽ ദൈവം പറയുന്നു, ഞാൻ എന്റെ വാളിന് മൂർച്ച കൂട്ടും. [സങ്കീ. 7:12].

അവസാനത്തെ കുറിച്ച് മറ്റൊരു അർത്ഥം ഫ്രാൻസിസ്-ഷ്ക്കാഫർ [FRANCIS SCHAEFFER] തന്റെ പ്രശസ്തമായ "പട്ടണത്തിന്റെ മരണം" എന്ന പുസ്തകത്തിൽ പറയുന്നു "അവസാനം എന്നത് 'ലക്ഷ്യപൂർത്തി' ആണ്! യഥാർത്ഥ വിശ്വാസികൾ അവരുടെ അവസാനത്തെ ന്യായവിധിയെ കുറിച്ച് ഓർത്തില്ല. എന്നാൽ ദൈവം എന്ത് ഉദ്ദേശത്തോടെയാണ് സഭയെ ഭൂമിയിൽ ആക്കി വെച്ചത് എന്ന് മനസ്സിലാക്കണം. സഭ ഭൂമിയിൽ സ്വർഗ്ഗത്തിന്റെ സ്ഥാനാപതി ആസ്ഥാനം ആണ്. സ്ഥാനാപതി ആസ്ഥാനം എന്നത് ഒരു രാജ്യത്തിന്റെ ചെറിയ പതിപ്പാണ്.



സ്ഥാനാപതി കാര്യാലയം ആ രാജ്യത്തിൻ്റെ മുഴുവൻ താല്പര്യങ്ങളാണ് ചെയ്യേണ്ടത്. സഭയുടെ ഉത്തരവാദിത്തവും അതു തന്നെയാണ്. സ്വർഗ്ഗീയ താല്പര്യങ്ങളെ പ്രവർത്തിക്കുക. സഭ സ്ഥാനാപതി കാര്യാലയം ആണെന്ന് ഓർക്കുക. ഒരാൾ സഭയി-ലേക്ക് വരുമ്പോൾ അവന് അവിടെ ചെറിയ സ്വർഗ്ഗം കാണുവാൻ കഴിയണം അതാണ് ദൈവത്തിൻ്റെ പദ്ധതി. നിങ്ങളുടെ സഭ ഒരു സ്വർഗ്ഗീയ സ്ഥാനാപതി കാര്യാലയം ആണോ. അതോ ലോകത്തിൻ്റെ മറ്റൊരു മുഖം ആണോ?

അവസാനത്തെക്കുറിച്ച് മറക്കരുത്. ദൈവം നീതിയുള്ള ന്യായാധിപതിയാണ്.

അവസാനത്തെക്കുറിച്ച് മറക്കരുത്. സ്വർഗ്ഗീയ സ്ഥാനാധിപതി കാര്യാലയത്തിലെ സ്ഥാനാധിപതികളാണ് നാം എന്നും മറക്കരുത്.

പ്രാർത്ഥന:

കർത്താവേ, എന്ത് ഉദ്ദേശത്തോടെയാണ് എന്നെ ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത് എന്ന് ഞാൻ അറിയുന്നു. അങ്ങയുടെ സാന്നിധ്യത്തെ വഹിക്കുന്നവരാണ്, സഭയ്ക്കുവേണ്ടി വിലപിക്കുവാൻ സഹായിക്കണമേ. സഭ സ്ഥാനാധിപതി കാര്യാലയമായിരിപ്പാനും, ആ ദൗത്യം നന്നായി പൂർത്തീകരിപ്പാനും സഹായിക്കണമേ... ആമേൻ.

ലേഖനം



ബ്രദർ. ബെന്നി ജോർജ്ജ് മണലി



# ഞാൻ എന്തിനു യേശുവിനെ വന്ദിക്കണം

ലേഖനത്തിന്റെ തലക്കെട്ട് ഒരു പക്ഷെ വായനക്കാരിൽ ചിലരെങ്കിലും അസ്വസ്ഥരാകാം . ഞാൻ എന്തിന് യേശുക്രിസ്തുവിനെ വന്ദിക്കണം .,ആരാധിക്കണം

ഈ ലേഖനത്തിന് മുഖാന്തിരമായ സംഭവം നടക്കുന്നത് കഴിഞ്ഞ വേനലവധിക്ക് ഞാൻ കേരളത്തിലായിരിക്കുമ്പോഴാണ്. എന്റെ ഒരു സുഹൃത്തും സഹപാഠിയുമായ ഒരു സഹോദരൻ അനീഷും അക്രൈസ്തവനാണ് എന്നാൽ യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചയാളുമാണ്. ആത്മീയ കാര്യങ്ങൾ സംസാരിക്കുന്ന സമയത്ത് ഞാൻ ചോദിച്ചു എന്തിനാണ് സുഹൃത്തേ, താങ്കൾ രണ്ടു വ്യത്യസ്തമായ കാഴ്ചപ്പാടുകളിൽ ജീവിക്കുന്നത്. യേശുവിലാണ് സന്തോഷവും സമാധാനവും നിത്യരക്ഷയുമെങ്കിൽ,... അനീഷും പറഞ്ഞു 'ഞാൻ യേശുവിനെ സ്വീകരിക്കുന്നുവെങ്കിൽ കുടുംബമായിട്ടാവും'. ശരി, അതാണ് നല്ലതെന്ന ഞാനും ശരിവച്ചു, എങ്കിലും രക്ഷ വ്യക്തിപരമാണെന്ന കൂട്ടിച്ചേർക്കാനും മറന്നില്ല. വീണ്ടും സുഹൃത്ത് പറഞ്ഞു, അനീഷിന്റെ സഹധർമ്മിണി പറയുന്നു നമ്മൾ ഇപ്പോൾ വിശ്വസിക്കുന്ന വിശ്വാസത്തിലേതാ യേശുവിലെന്താണ് പ്രത്യേകത? "ഞാൻ യേശുവിനെ എന്തിന് വന്ദിക്കണം". അനീഷിന്റെ മറുപടിപ്രസ്താവനയുടെ സാരാംശം, എന്റെ ഹൃദയത്തിൽ ഒരു ചോദ്യമായി തറച്ചു കിടന്നു. 'ഞാൻ എന്തിന് യേശുവിനെ ആരാധിക്കണം, ആരാണ് എനിക്ക് യേശു'. യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവരാണ് നാം ഏറിയപങ്കും, എന്നാൽ യേശുവിനെ യഥാർത്ഥമായി തിരിച്ചറിയുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ?

ആരാണ് നമ്മുടെ ക്രിസ്തു?

നാം അവനെ അറിയുന്നത് അവൻ നമുക്കു നൽകുന്ന സത്യത്തിന്റെയോ, പാരമ്പര്യങ്ങളുടെ ഉത്തരത്തിന്റെയോ വെ-ളിച്ചത്തിലാകാം. യേശുവിന്റെ യഥാർത്ഥ ശക്തിയെയോ ഉദ്ദേശ-ത്തെയോ നമ്മൾ ചിലപ്പോ തിരിച്ചറിഞ്ഞിട്ടില്ല എന്നത് സത്യമായിതന്നെ അവശേഷിക്കുന്നു. നാം അവനെ പൂർണ്ണമായി അറിഞ്ഞിട്ടില്ല.

ആരാണ് നമ്മുടെ കർത്താവ്.

i. അവൻ പാപമില്ലാത്തവനായിരുന്നു. 1 പത്രോസ് 2:22
അവൻ നമ്മുടെ പാപങ്ങളെ ക്രൂശിൽ ചുമന്നു.

ii. കന്യകാസുതനായി പിറന്നവനായിരുന്നു നമ്മുടെ കർത്താവ്.

iii. അവൻ പ്രവാചകന്മാരിലും ശ്രേഷ്ഠനായിരുന്നു.

iv. മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോ-ഹിതനായിരുന്നു.

v. അവൻ നിയമത്തെക്കാളും വലിയവനും ശ്രേഷ്ഠനുമായിരുന്നു.

VI. ദൈവിക വാഗ്ദത്തങ്ങളുടെ പൂർത്തീകരണമായിരുന്നു [ഉല്പ. 3:15]

Vii. അവൻ സർവ്വവ്യാപിയാണ് - എന്നും കൂടെയുള്ളവൻ
[മത്തായി 28:20, സങ്കീർത്തനങ്ങൾ 139:7-8]

viii. അവൻ സർവ്വസ്രഷ്ടാവാണ്. [എബ്രായർ 1:10]
അതെ ഈ പ്രപഞ്ചത്തിന് അടിസ്ഥാനമിട്ടവൻ, തന്റെ വാക്കിനാൽ എല്ലാവരെയും വിളിച്ചു വരുത്തിയവൻ.

IX. അവൻ സർവ്വജ്ഞാനിയാണ്. [സങ്കീ. 139:6]
ആലോചനകളെയും ഉദ്ദേശ്യങ്ങളെയും നമ്മുടെ നിനവുകളെയും അറിയുന്നവനാണ്.

നമ്മുടെ കർത്താവിന്റെ ജനനമരണ പുനരുത്ഥാനങ്ങളെല്ലാം വെറുതെ സംഭവിച്ചതായിരുന്നില്ല. നൂറ്റാണ്ടുകളായി പ്രവാചകന്മാരുടെ പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു. ഏതാണ്ട് 350ഓളം -

പ്രവചനങ്ങൾ.

i. അവന്റെ ജനനം. ക്രിസ്തുവിനു മുമ്പ് 740 വർഷങ്ങൾക്കു മുമ്പ് ആമോസിന്റെ മകനായി പഴയനിയമ ഇവാഞ്ചലിസ്റ്റ് എന്നു വിളിക്കപ്പെടുന്ന ഏശയ്യാവ് പ്രവചിച്ചു.

ii. ലോകരക്ഷകന്റെ ജനനസ്ഥലത്തെക്കുറിച്ച് മിഖായാഹ് എന്ന പേരുള്ള മീഖാ പ്രവാചകൻ ക്രിസ്തുവിനു ~~മുമ്പ്~~ 750 വർഷങ്ങൾക്കുമുമ്പ് പ്രവചിച്ചു. [മീഖാ 5:2]

iii. യേശുവിന്റെ മരണത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് ഏശയ്യാവ് വീണ്ടും പ്രവചിച്ചു. [ഏശയ്യാവ് 53: 4-6]

iv- അവൻ ഒറ്റിക്കൊടുക്കപ്പെടുമെന്ന് സെഖര്യ പ്രവാചകൻ യേശുവിന് 520 വർഷങ്ങൾക്കുമുമ്പ് പ്രവചിച്ചിരുന്നു. [11: 12-13]

V. അവന്റെ ക്രൂശീകരണത്തെക്കുറിച്ച് സങ്കീർത്തനക്കാരൻ അവന്റെ ജനനത്തിന് 1400 വർഷങ്ങൾക്കുമുമ്പ് പ്രവചിച്ചിരുന്നു. [22] അവന്റെ പുനരുത്ഥാനത്തെക്കുറിച്ചും സങ്കീർത്തനത്തിൽ നാം വായിക്കുന്നു. [16:10]

നമ്മുടെ കർത്താവ് ആരെന്ന് അവൻ ഈ ലോകത്തിൽ ജീവിച്ചിരുന്ന കാലഘട്ടത്തിൽ പലർക്കും വെളിപ്പെട്ടിരുന്നു. അല്ലെങ്കിൽ ദൈവം വെളിപ്പെടുത്തിയിരുന്നു.

* പത്രോസ് - അവൻ ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്ന് മനസ്സിലാക്കി. മത്തായി 16:16

* അവൻ വരുവാനുള്ള ക്രിസ്തുവെന്ന് മാർത്ത സാക്ഷ്യം പറഞ്ഞു. യോഹന്നാൻ 11:27.

* അവൻ കർത്താവും ദൈവവുമെന്ന് ദിദിമോസ് എന്ന ഇരട്ടപ്പേരുള്ള ഇന്ത്യയുടെ പിൽക്കാലത്തെ അപ്പോസ്തലനായ തോമസ് സാക്ഷ്യം പറയുന്നു. [യോഹന്നാൻ 20: 28]

\# അവനെ ഒറ്റിക്കൊടുത്ത യൂദാ കുറ്റമില്ലാത്ത രക്തത്തിന് ഉടമയെന്ന് സമ്മതിച്ചു. മത്തായി 27: 3-14

* ഭരണാധികാരിയും എന്നാൽ യേശുവിനെ ക്രൂശിക്കുവാൻ കൽപന പുറപ്പെടുവിക്കേണ്ടി വന്ന പീലാത്തോസ് അവനെ കുറ്റമില്ലാത്ത രക്തം എന്ന് സാക്ഷ്യപ്പെടുത്തുന്നു. ലോകത്തിലെ സ്വഹിതത്തെ തന്നെ വെല്ലുവിളിച്ചായിരുന്നു അവന്റെ ക്രൂശിക്കുന്നതിന് പീലാത്തോസ് അനുമതി നൽകിയത്.

* അവനെ കുറിച്ച് പട്ടാളക്കാരും

* അവനോടൊപ്പം തൂക്കപ്പെട്ട കള്ളൻ പോലും അവനെ രാജാവും ദൈവപുത്രനുമായി വെളിപ്പെടുത്തി. [ലൂക്കോസ് 23:24]

* എന്തിനധികം ഈ ലോകത്തിന്റെ അധിപതിയായ സാത്താനും ഭൂതങ്ങളും അവൻ ദൈവപുത്രനെന്നും കർത്താവു എന്നും ഏറ്റു പറഞ്ഞു. [മത്തായി 4:6, മർക്കോസ് 5:7]

എന്റെ സുഹൃത്തിന്റെ ചോദ്യത്തിനുള്ള മറുപടിയുടെ അവസാന ഘട്ടത്തിൽ ദൈവം അല്ലെങ്കിൽ യേശു എനിക്കു എന്തു നൽകി എന്ന് ഞാൻ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

ഈ ലോകത്തിലെ സർവ്വ ജനങ്ങൾക്കും ആഹാരം നൽകുന്ന കർത്താവ് നമുക്കും ആഹാരം നൽകുന്നു. വിശ്വാസ ഗമനത്തിൽ അതിനുള്ള പല ഉദാഹരണങ്ങളും കാണാം. പ്രതിസന്ധിഘട്ടത്ത് ശൂന്യമായ വലയുമായി നിന്ന പത്രോസിനും കൂട്ടർക്കും ചാകരയാനന്ദവും അവൻ നമ്മുടെ പ്രവർത്തി മേഖലയിൽ അഭിവൃദ്ധി നൽകും. ജീവിതത്തിൽ ആത്മീയ സ്വസ്ഥത നൽകുന്നവൻ അവൻ മാത്രം. ജീവിത സാഹചര്യത്തിൽ തളർന്നവരെ അവൻ കാക്കുന്നു. അവൻ നമ്മുടെ ദാരിദ്രത്തെ ഇല്ലാതാക്കുന്നവൻ. അവൻ സമാധാനം നൽകുന്നവനാണ്. അവനു മനുഷ്യരെ യഥാർത്ഥ നിലനിർത്തുന്ന സമാധാനം നൽകാനാകു. [റോമർ 5:1]

സമൃദ്ധിയായ ജീവൻ അവന്റെ ദാനമത്രേ. യോഹന്നാൻ [10:9-10]
സന്തോഷവും പരിശുദ്ധാത്മാവും അവന്റെ ദാനമത്രേ [കൊ. 2:3]
ജീവിതത്തിൽ ഒരു പരിവർത്തനം. അവനേ മാത്രമേ നൽകുവാനാകൂ.
~~ഒരു കാലത്തിനോ~~ ഒരു കാലത്ത് മദ്യത്തിനോ മയക്കുമരുന്നിനോ അടിമകളായവർ കൊലപാതകികൾ യേശുവിനായി ഓടുമ്പോൾ അത് സാക്ഷ്യമാണല്ലോ.

ഈ ലോകത്തിലെ ജീവിതത്തിന് ശേഷം നാം മാറ്റപ്പെടുമ്പോൾ നമുക്ക് നിത്യത ലഭിക്കുന്നു. നിത്യത ഒരു യാഥാർത്ഥ്യമാണ്. എന്നാൽ യേശുവിനെ സ്വീകരിച്ചവർക്ക് നിത്യജീവനും മറ്റുള്ളവർക്ക് നിത്യമരണം അഥവാ നരകമാണ് കാത്തിരിക്കുന്നത്. ആ നിത്യത - നിത്യജീവൻ - സ്വർഗ്ഗജീവിതം അത് യേശുവിലൂടെ മാത്രമാണ്. നാം ഈ ലോകത്തിൽ എന്ത് നേടിയാലും നിത്യത നഷ്ടമാക്കിയാൽ എന്ത് നേട്ടം.

ഈ നിത്യജീവനാണ് യേശുവിന്റെ ഏറ്റവും വലിയ സമ്മാനം അല്ലെങ്കിൽ യേശുവിലൂടെ നമുക്കു ലഭിക്കുന്ന ഏറ്റവും വിലപ്പെട്ടതും അതാണ്. ദൈവത്തെ സ്വീകരിച്ചാൽ എന്ത് ലഭിക്കും അല്ലെങ്കിൽ ഞാൻ എന്തിന് യേശുവിനെ വിശ്വസിക്കണം എന്ന എന്റെ സുഹൃത്തിന്റെ ചോദ്യത്തിനുള്ള ഉത്തരമാണ് നിത്യജീവൻ. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ലഭിക്കുന്നു. യോഹന്നാൻ 3:16, 1 യോഹന്നാൻ 5:13.

ആദ്യ മാതാപിതാക്കളുടെ പാപത്തിലൂടെ ആത്മാവിന്റെ ബന്ധം ദൈവത്തിൽ നിന്നും മനുഷ്യന് നഷ്ടമായപ്പോൾ യേശുവിലൂടെ നമുക്ക് അത് തിരികെ നൽകിയത് ദൈവത്തിന്റെ മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രകടനമായിരുന്നു. അവന്റെ രണ്ടാമത്തെ വരവുവരെ നമ്മുടെ കാര്യങ്ങൾക്കായി സഹായിയായി പരിശുദ്ധാത്മാവിനെ നമുക്കു നൽകിയിട്ടാണ് യേശു പിതാവിന്റെ സന്നിധിയിൽ എത്തിയത്. നമുക്കായി സ്വർഗ്ഗവും സമാധാനവും സന്തോഷവും അവൻ നൽകുന്നതോടൊപ്പം നിത്യതയിൽ കൂടിച്ചേർക്കുവാൻ പരിശുദ്ധാത്മാവിനെ ഏൽപ്പിച്ചിരിക്കുന്നു.

ലേഖനം



ബ്രദർ :നൈനാൻ തോമസ്

# നീതിമാന്റെ വടിയോടുള്ള എന്റെ മനോഭാവം



നീതിമാനായ ഒരുവന്റെ ശാസനവും ശിക്ഷണവും എന്തു മനോഭാവത്തോടെയാണ് നാം നേരിടുന്നതെന്ന ചിന്തിക്കുകയാണ് ഈ ലേഖനത്തിലൂടെ. വായനാഭാഗം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു 'എന്റെ നന്മയ്ക്കു വേണ്ടി നീതിമാൻ എന്നെ പ്രഹരിക്കുകയോ ശാസിക്കുകയോ ചെയ്യുന്നത് ഒരു ദയയായും തലയെ തണുപ്പിക്കും വിധത്തിൽ ഒഴിക്കുന്ന എണ്ണയെപ്പോലെയും ആകുന്നു."

വായനാഭാഗം : സങ്കീ.141:5

**നീ**തിമാൻ എന്നെ അടിക്കുന്നതു ദയ;

അവൻ എന്നെ ശാസിക്കുന്നതു തലയ്ക്ക് എണ്ണ;

എന്റെ തല അതിനെ വിലക്കാതിരിക്കട്ടെ;

'എന്റെ വിവേകമില്ലാത്ത ശിരസ്സ് അതിനെ വിലക്കാതിരുന്നെങ്കിൽ'

വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾ വായനാഭാഗത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു സ്വയം വിശകലനം ചെയ്യാം. എപ്പോഴെങ്കിലും നീതിമാനു നമ്മെ അടിക്കുവാനോ തിരുത്തുവാനോ നാം അനുവാദം കൊടുക്കാറുണ്ടോ? നീതിമാൻമാർക്കു നമ്മെ തിരുത്തുവാനുള്ള ആത്മീക അധികാരം നൽകിയിട്ടുണ്ടോ? നീതിമാൻ എന്നെ അടിക്കുന്നതു ഒരു ദയയായി കണക്കിടാറുണ്ടോ? നീതിമാന്റെ അടി തലയിൽ എണ്ണ തേക്കുമ്പോഴുണ്ടാകുന്ന തണുപ്പുപോലെ അനുഭവപ്പെടാറുണ്ടോ? അതോ ആരെങ്കിലും എന്നെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ വാക്കുകളിലൂടെയോ, പ്രവൃത്തികളിലൂടെയോ, നേരിട്ടോ, അല്ലാതെയോ, ശിക്ഷണങ്ങൾ കേൾക്കുമ്പോൾ അത് ഞാൻ വിലക്കുകയും തണുപ്പിനു പകരം ചൂടു പിടിക്കുന്ന അവസ്ഥയിലേക്കാണോ നയിക്കുന്നത്.

പ്രിയമുള്ളവരെ, അധീനതയിലാണ് അധികാരം നല്കപ്പെട്ടിരിക്കുന്നത്. എനിക്ക് ആരോടും കണക്ക് ബോധിപ്പിക്കാനില്ല. ഞാൻ ആരുടെയും കീഴിലല്ല എന്നു പറയുമ്പോൾ നാം മറന്നു കളയുന്ന ഒരു സത്യം നാം അധികാരമില്ലാത്ത വ്യക്തിയാണെന്നുള്ളതാണ്.

ഞാൻ ഏതെങ്കിലും നീതിമാന് അധികാരം കൊടുത്തിട്ടുണ്ടോ? ഏതു നീതിമാനാണ് അതിനുള്ള അധികാരമുള്ളത്. എനിക്ക് ഒരു ആത്മീക ഗുരുവുണ്ടോ? എന്നെ തിരുത്തുവാൻ, ഞാൻ ചെയ്യുന്നത് തെറ്റിപ്പോകുമ്പോൾ തിരുത്തുവാൻ അധികാരമുള്ള ആരെങ്കിലും ഉണ്ടോ? അങ്ങനെയുള്ളവരുടെ ശിക്ഷ ഞാൻ നിരസിക്കാറുണ്ടോ?

സ്നേഹിതരെ, ക്രിസ്തീയ ജീവിതത്തിൽ നമുക്കു നല്കപ്പെട്ട ഒരു ആത്മീക അനുഗ്രഹമാണ് അടിക്കപ്പെടുക, നുറുക്കപ്പെടുക, തകർക്കപ്പെടുക എന്നുള്ളത്. തകർക്കപ്പെടുന്നതിൽ ഒരു ശക്തിയുണ്ട്. കർത്താവു നമ്മിൽ കാണുവാൻ ആഗ്രഹിക്കുന്നത് നുറുങ്ങിയും തകർന്നുമിരിക്കുന്ന ഏതൊക്കെ ഭാഗങ്ങളാണ് നമ്മിലുള്ളതെന്നാണ്. എന്റെ ശക്തിയെപ്പറ്റി എനിക്ക് നല്ല ജ്ഞാനം കാണും. പക്ഷേ കർത്താവു അറിയുവാൻ ഇഷ്ടപ്പെടുന്നത്, ഞാൻ എത്രമാത്രം തകർക്കപ്പെട്ടവനാണ്, എത്രമാത്രം നുറുക്കപ്പെട്ടവനാണ് എന്നാണ്. കർത്താവിന്റെ സാമീപ്യം ശക്തിയും ബലവുമുള്ളിടത്തല്ല. പ്രത്യുത നുറുങ്ങിയും തകർന്നുമിരിക്കുന്ന ഹൃദയ സമീപേയാണ്.

ഞാൻ തകർക്കപ്പെട്ടവനും നുറുങ്ങിയവനുമാണെങ്കിൽ എനിക്ക് എന്റെ ബലഹീനതയെക്കുറിച്ച് നല്ല ബോധ്യമായിരിക്കും. ഞാൻ നുറുക്കപ്പെടാത്തവനാണെങ്കിൽ എനിക്ക് അറിവുള്ളത് എന്റെ ശക്തിയെക്കുറിച്ചുമാത്രമായിരിക്കും. നുറുക്കപ്പെടാത്ത ഞാൻ വിമർശനാത്മകമായ കണ്ണുകളോടെ മാത്രമേ സഹോദരന്മാ

വീക്ഷിക്കുകയുള്ളൂ. എന്നാൽ നുറുക്കപ്പെട്ട ഞാൻ എപ്പോഴും മറ്റുള്ളവരെ സ്വമാതാപിതാക്കളെപ്പോലെ നോക്കുകയുള്ളൂ. തകർക്കപ്പെടാത്ത ഞാൻ എപ്പോഴും അധികാരത്തിന്റെ പിന്നാമ്പുറത്ത് കറങ്ങി നടക്കും. എന്നാൽ നുറുക്കപ്പെട്ട ഞാൻ സേവനത്തിനായി അവസരം അന്വേഷിച്ചു ഉഴന്നു നടക്കും. നുറുക്കപ്പെട്ട ഞാൻ എപ്പോഴും ദാസനായിരിക്കും.

നുറുക്കപ്പെടാത്ത എനിക്ക് എന്റെ ശരികളാണ് സംതൃപ്തി നല്കുന്നത്. നുറുക്കപ്പെട്ട ഞാൻ ശരികളെക്കാൾ ഉപരി ബന്ധങ്ങളിൽ തൃപ്തിയടയുന്നവനാണ്. നുറുക്കപ്പെടാത്ത ഞാൻ സകലത്തിന്റെയും നിയന്ത്രണം കയ്യിൽ വച്ചുകൊണ്ടിരിക്കുവാൻ ശ്രമിക്കും. തകർക്കപ്പെടാത്ത ഞാൻ എപ്പോഴും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റുന്നവനായിരിക്കും. പക്ഷേ ഞാൻ തകർന്ന പെട്ടവനാണെങ്കിൽ മറ്റുള്ളവരുടെ ശ്രദ്ധയിൽപെട്ടില്ലെങ്കിലും അനേകർക്കായി വഴിമാറിക്കൊടുക്കുകയും അതിൽ സന്തോഷം കണ്ടെത്തുന്നവനായിരിക്കും. നുറുക്കപ്പെട്ട എന്റെ ആസ്വാദനം എന്റെ ശേഷം എന്റെ പിന്നാലെ ചരിത്രം ഉള്ളൂ എന്നതിലാണ്.

മുറിവേറ്റവൻ പുതിയതായി അറിയുവാനുള്ള വ്യഗ്രതയുള്ളവനായിരിക്കും. തകർക്കപ്പെടാത്തവൻ അറിയപ്പെടുവാനായി സമയത്തെ പാഴാക്കുമ്പോൾ, തകർന്ന ഹൃദയമുള്ളവൻ അറിയപ്പെടുന്നതിനെക്കാൾ, ഞാൻ ആരാണെന്ന നല്ല ബോധ്യമുള്ളവനായിരിക്കും.

നമ്മെ എന്താണ് നിയന്ത്രിക്കുന്നത്. ഇതുവരെയും നുറുക്കപ്പെടാത്തവനെ, തകർക്കപ്പെടാത്തവനെ നയിക്കുന്നത് സ്വാർത്ഥതകളാണ്. എന്നാൽ നുറുക്കപ്പെട്ടവൻ മൂല്യങ്ങളാൽ നയിക്കപ്പെടുന്നവനാണ്. അവൻ പുറത്തുനിന്നുള്ള സമ്മർദ്ദങ്ങളാൽ

നയിക്കപ്പെടുന്നവനല്ല. അകത്തുനിന്നുള്ള ആത്മാധിഷ്ഠിതമായ കാര്യങ്ങളാൽ നയിക്കപ്പെടുന്നവനാണ്.

ആളുകളെ ഒരു കൈയകലത്തിൽ നിർത്തുവാൻ ആഗ്രഹിക്കുന്നവനാണ് ഒരുവരെയും മുറിക്കപ്പെടാത്ത മനുഷ്യൻ. ജനങ്ങളെ അടുത്തു വിളിച്ചു ചേർത്തു പിടിക്കുന്നവൻ, ബന്ധങ്ങൾ ഉണ്ടാക്കുന്ന എല്ലാ വെല്ലുവിളികളും നേരിടുവാൻ തയ്യാറാകുന്നവനാണ് മുറിവേറ്റവൻ. എനിക്ക് മറ്റുള്ളവരെ വേണം, മറ്റുള്ളവരില്ലെങ്കിൽ എനിക്കു ജീവിക്കുവാൻ കഴിയില്ല, എന്നു തോന്നലുള്ളവനാണ് മുറിവേറ്റവൻ.

നാം വിമർശനങ്ങളെ പ്രതിരോധിക്കുന്നുവെങ്കിൽ, എനിക്ക് വിമർശനങ്ങളെ സഹിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, ഞാൻ ഒരുവരെയും മുറിക്കപ്പെട്ടിട്ടില്ല; തകർക്കപ്പെട്ടിട്ടില്ല. അടിയേറ്റിട്ടില്ല. ഞാൻ എന്താണ് ആഗ്രഹിക്കുന്നത്. ബഹുമാനിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവോ.

നമ്മുടെ നന്മക്കായി, നീതിമാൻ നമ്മെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നത് ദയയായും നമ്മുടെ തലയെ തണുപ്പിക്കുന്ന എണ്ണയായും തിരിച്ചറിവെന്നതു കാഴ്ചപ്പാട് നമുക്കുണ്ടായിരുന്നുവെങ്കിൽ "അതെ, എന്റെ വിവേകമില്ലാത്ത ഹൃദയം അതിനെ വിലക്കാതിരുന്നുവെങ്കിൽ"...



ലേഖനം



ജസ്റ്റിൻ കുമ്പഴ

# സക്കായീയെ വേഗം ഇറങ്ങി വാ

വായനാഭാഗം : ലൂക്കോസ് .19: 1-10

വാക്യം -5 " **അ**വൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി :
സക്കായിയേ , വേഗം ഇറങ്ങിവാ: ഞാൻ ഇന്നു നിന്റെ വീട്ടിൽ
പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു ."

സക്കായി, ക്രിസ്തീയ ലോകത്തിൽ ചിരപരിചിതനായ വ്യക്തിയാണ്. അനേക ചുങ്കക്കാരുടെയും, ധനവാന്മാരുടെയും പാപികളുടെയും ഇടയിൽ ജീവിക്കുകയും അങ്ങനെതന്നെ പ്രവർത്തിക്കുകയും ചെയ്ത സക്കായി എങ്ങനെയായിരിക്കും സുവിശേഷത്തിൽ സ്ഥാനം പിടിച്ചത്. 'യേശു എങ്ങനെയുള്ളവൻ എന്നു കാണുവാൻ ശ്രമിച്ചു'. ഒരുപക്ഷെ ഈ വായനക്കാർ പാവപ്പെട്ടവരോ, പണക്കാരോ, ഉയർന്ന ജോലി ചെയ്യുന്നവരോ ആയിരിക്കും. അല്ലെങ്കിൽ തന്റെ ജീവിതത്തിൽ വന്നുപോയ വീഴ്ചകളെയോർത്ത് കുറ്റബോധത്തിൽ ജീവിക്കുന്നവരും ആകാം. ഏതു സാഹചര്യത്തിലായാലും യേശുവിലേക്കുള്ള നോട്ടം നമ്മെ വ്യത്യസ്തരാക്കുന്നു.

സക്കായി ചുങ്കക്കാരുടെ പ്രമാണിയും ധനികനുമായിരുന്നിട്ടുകൂടി അവന്റെ പാപത്തിൽ വിടുതലും തന്റെ ഭവനക്കാരുടെ രക്ഷയും ഉറപ്പിക്കുവാൻ തന്റെ സമ്പത്തിനോ, പദവികൾക്കോ സാധ്യമായില്ല. ലോകത്തിൽ നേടിയെന്ന് ഞാൻ വിചാരിച്ചിരുന്ന എന്തെങ്കിലും എന്നെയും എന്റെ ഭവനത്തെയും രക്ഷയിലേക്ക് നയിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

അഞ്ചു പ്രധാന കാര്യങ്ങൾ സക്കായിയെ രക്ഷയിലേക്ക് നയിച്ചു... i യേശുവിനെ കാണുവാനുള്ള അതിയായ വാഞ്ഛ ii. കാണുവാനുള്ള ശ്രമം. iii. യേശുവിന്റെ വഴിത്താരയിലേക്കുള്ള ഓട്ടം. iv. യേശുവിന്റെ വിളിക്കുള്ള അനുസരണം. v. സന്തോഷത്തോടെ ജീവിതത്തിൽ ഒരുക്കുവാനുള്ള മനസ്സ്.

യേശുവിൽ പ്രധാനമായി കണ്ട മേൽപ്പറഞ്ഞ അഞ്ച് കാര്യങ്ങൾ നാം ജീവിതത്തിൽ പകർത്തിയിട്ടുണ്ടോ? ലൂക്കാ 19-9,10 വാക്യത്തിൽ യേശുവിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. "എന്റെ വസ്തുവകകളിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങ് തിരിച്ചുകൊടുക്കും എന്നു പറഞ്ഞു." ദൈവത്തിനിഷ്ടമില്ലാത്ത ഇടപാടുകൾ, കൊടുക്കൽ വാങ്ങലുകൾ എന്റെ ജീവിതത്തിലെ രക്ഷയെ നഷ്ടമാക്കുന്നു. എന്നാൽ അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ കരുണ ലഭിക്കും.

നാം ഓരോരുത്തരും അകപ്പെടുന്നതും പ്രയാസപ്പെടുന്നതും നമ്മുടെ ബലഹീനതകളും കുറവുകളും ഓർത്താണ്. എന്നാൽ നമ്മുടെ ബലഹീനതകളും കുറവുകളും ദൈവത്തിങ്കലേക്കുള്ള വഴിയെ കൂടുതൽ വേഗത്തിലാക്കുന്നു. അവന്റെ രക്ഷയെ ഓർക്കുവാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. യേശു ജീവിതത്തിന്റെ പ്രാരംഭത്തിൽ നിൽക്കുമ്പോഴും അവന്റെ ബലഹീനതയും കുറവുമാണ് അവനെ യേശുവിലേക്ക് അടുപ്പിച്ചത്. അവന്റെ വാഞ്ചയിലെ മുറിച്ച് യേശുവിങ്കലേക്കുള്ള വഴിതിരിവായി.

ഇതു പോലെ നമ്മൾ അനുഭവിക്കുന്ന ഓരോ പ്രശ്നങ്ങളും പ്രയാസങ്ങളും ബലഹീനതയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് നമ്മെ വലിച്ചു അടുപ്പിക്കുന്നു.

യേശുവിലുള്ള ദൈവികതയും ശക്തിയും വലിപ്പവും പരിജ്ഞാനവും നമ്മെ രക്ഷയിലേക്കും, വിടുതലിലേക്കും കൈപിടിച്ച് കയറ്റുന്നു. പൊതുവിൽ നാം ഓരോരുത്തരും ആഗ്രഹിക്കുന്നത് നമ്മേക്കാൾ വലിയ വ്യക്തികളോടുള്ള സൗഹൃദവും സ്വീകാര്യതയുമാണ്. എന്നാൽ അക്കാലത്ത് യേശുവിനെ പരിഹസിക്കുന്നവരും നിന്ദിക്കുന്നവരും ധാരാളമുണ്ടായിരുന്നിട്ടുകൂടി, യേശു തന്നെക്കാൾ

വലിയവനെന്നോ സാമ്പത്തികതയിലും ശക്തിയിലും
പരിജ്ഞാനത്തിലും നിറഞ്ഞിരിക്കുന്നു എന്നതല്ല കാഴ്ച-
പ്പാട് സക്കായിയെ പാപത്തിൽ നിന്നും അന്ധകാരത്തിൽ
നിന്നും അത്തിയുടെ ഇലകളുടെ മറവിൽ നിന്നും വെളിച്ചത്തി-
ലേക്ക് ആകർഷിച്ചു. സങ്കീർത്തനക്കാരനായ ദാവീദ് പറയുന്ന
പടി." അവനിലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ
മുഖം ലജ്ജിച്ച് പോയതുമില്ല." സക്കായിക്ക് യേശുവിനെക്കുറിച്ചുള്ള
വെളിപാട് തിരികെ അന്ധകാരത്തിലേക്ക് നടന്ന
ജീവിതത്തെ പ്രകാശപൂരിതമാക്കിയതു പോലെ, യേശുവിങ്ക
ലേക്കുള്ള നോട്ടം നമ്മുടെ ജീവിതത്തെ അന്ധകാരത്തിൽ
നിന്നും രക്ഷയുടെ പ്രകാശത്തിലേക്ക് നയിക്കുന്നു.


ബലഹീനതകളും കുറവുകളും നിറഞ്ഞു നിൽക്കുന്ന
നമ്മുടെ ജീവിതത്തിൽ യേശുവിനെ കാണുവാനുള്ള ആഗ്രഹവും
ശ്രമവും നമ്മെ രക്ഷയിലേക്കും വളർച്ചയിലേക്കും എത്തിക്കുവാൻ
ദൈവം സഹായിക്കട്ടെ.

ലേഖനം



ബ്രദർ. ഷിബു ഡാനിയേൽ

# നീതിമാന്മാരെന്നുറച്ചു മറ്റുള്ളവരെ ധിക്കരിക്കുന്നവർ



വായനാഭാഗം : ലൂക്കോസ് .18: 9 - 19:1-10

യേശു കർത്താവിന്റെ ക്രൂശീകരണത്തിനു മുമ്പുള്ള അവസാന ദിവസങ്ങൾ ക്രൂശിക്കപ്പെടുവാനായി യെരുശലേമി-ലേക്കു പോകുവാൻ തയ്യാറെടുക്കുന്നതിനു തൊട്ടു മുമ്പെയും യെരുശലേമിലേക്കുള്ള വഴി മധ്യേയിലും നടന്ന സംഭവങ്ങളെയാണ് ഇവിടെ ചിന്താവിഷയമായി അവതരിപ്പിച്ചിട്ടുള്ളത്. യേശു കർത്താവിന്റെ പരസ്യ ശുശ്രൂഷയിൽ ഏറ്റവും കൂടുതൽ ഇടപെടലുകൾ നടത്തിയിട്ടുള്ള രണ്ടു വിഭാഗങ്ങളാണ് പരീശന്മാരും ചുങ്കക്കാരും. ഉപമകളൊന്നും തന്നെ ഉൾപ്പെടുത്താത്ത യോഹന്നാൻ എഴുതിയ സുവിശേഷം ഉൾപ്പെടെ ഇരു-കൂട്ടരെയും നമുക്ക് പരിചിതമാണ്.

പരീശന്മാർ പൊതുവെ തങ്ങളെതന്നെ വിലയിരുത്തുന്നത് 'നീതിമാന്മാർ' എന്നും മറ്റുള്ളവരെല്ലാം തന്നെ പാപികളും എന്നുമാണ്. അതുകൊണ്ടു തന്നെ യേശു കർത്താവ് ഒരു ഉപമയിലൂടെ ഈ ധിക്കാര സ്വഭാവത്തിനു അന്തം വരുത്തുവാൻ ശ്രമിക്കുന്നു. പ്രാർത്ഥിക്കുവാനായി ദൈവാലയ-ത്തിലേക്കു കടന്നു പോയ രണ്ടു മനുഷ്യർ, ഒരുവൻ ധിക്കാര സ്വഭാവത്തിനുടമയായ പരീശനും, പാപിയെന്നു സമൂഹവും താൻ തന്നെയും നീരിക്കുന്ന ചുങ്കക്കാരനും.

സ്ഥിര പ്രാർത്ഥന ചൊല്ലുവാനായി ദൈവാലയത്തിലേക്കു കയറിയ പരീശന്റെ . കണ്ണിൽ അപ്പോഴാണ് ചുങ്കക്കാരൻ പതിഞ്ഞത്. പ്രാർത്ഥിക്കുവാൻ ഒരു കാരണം

കൂടി കണ്ടെത്തിയ പരീശൻ തന്റെ വാക്കുകളുടെ പത്താം തീർത്തു തന്ന ചുങ്കക്കാരനെ പുച്ഛത്തോടെ നോക്കി കൊണ്ട് പ്രാർത്ഥനയാരംഭിച്ചു. "പിടിച്ചു പറിക്കാർ, നീതിക്കെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെ പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ല, അതു കൊണ്ടു എന്നെയോർത്തു നിനക്ക് അഭിമാനിക്കാം കർത്താവെ", പിന്നെ എന്റെ കയ്യിൽ നിന്നും നിനക്ക് വരേണ്ടിയ ദശാംശം അതും ശമ്പളിന്റെ മാത്രമല്ല എന്തൊക്കെ എനിക്ക് ആദായമായി കിട്ടുന്നുവോ അതിന്റെയെല്ലാം 'പത്താം' അതും കൂടാതെ രണ്ടു ദിവസം ഉപവാസവും. മറ്റെന്തു വേണം നിനക്ക്, എന്നെപ്പോലെ ഒരു വിശ്വാസിയെ നിനക്കു കിട്ടിയതിൽ ഞാനും അഭിമാനിക്കുന്നു. പരീശൻ തന്റെ പ്രാർത്ഥന അവസാനിപ്പിച്ചു.

പരീശൻ നിർത്തിയിടത്തു നിന്ന് ചുങ്കക്കാരന്റെ ആരംഭം. ഒരു പക്ഷെ ആദ്യമായിട്ടായിരിക്കാം ചുങ്കക്കാരൻ ദൈവാലയത്തിലേക്ക് പ്രാർത്ഥിക്കുവാനായി കടന്നു ചെല്ലുന്നത് പരീശന്റെ പ്രാർത്ഥന കേട്ടിട്ടു അതുപോലെ പ്രാർത്ഥിക്കുവാനായി ശ്രമിക്കുന്നതിനിടയാണ് പരീശന്റെ ഓരോ വാക്കുകളും വെള്ളിടിപ്പോലെ തന്റെ ഹൃദയത്തിൽ പതിഞ്ഞത്. താൻ ചെയ്തു വരുന്ന സകല പാപവും പോരാത്തതിന് സ്വീകരിക്കണത്തിന്നായി തന്നെ ചൂണ്ടിയുള്ള "ഇവനെപ്പോലെ" (ചുങ്കക്കാരനെ) അല്ല ഞാനും എന്നുള്ള പരീശ പ്രാർത്ഥനയുടെ അവസാന നിർത്തും.

ഈ കുറ്റപ്പെടുത്തലുകൾ ദൈവസന്നിധിയിലേക്കു കടക്കുവാൻ ഞാൻ യോഗ്യനല്ല എന്നുള്ള തിരിച്ചറിവു ചുങ്കക്കാരനു നേടിക്കൊടുത്തു. നെഞ്ചത്തടിച്ചു നിലവിളിച്ചു കൊണ്ടു ഞാൻ പാപിയാണ്, എനിക്ക് നിന്റെ കരുണ

ആവശ്യമാണു എന്നു ചുങ്കക്കാരൻ അപേക്ഷിക്കുന്നു. യേശുകർത്താവിലുള്ള വിശ്വാസത്താൽ നീതികരണം പ്രാപിച്ചു ചുങ്കക്കാരൻ വീട്ടിലേക്കു പോയി. പരീശനോ തന്നെത്തന്നെ ഉയർത്തി എന്നും സംസാരിച്ചു ശീലിച്ചതു കൊണ്ടു മഹത്വവാനായ ദൈവത്തിന്റെ സന്നിധിയിലും അവന്റെ സ്വഭാവം മാറ്റുവാൻ അവൻ തയ്യാറായില്ല. അവന്റെ ഹൃദയത്തിലെ അഹങ്കാര മനോഭാവം, ദൈവ സന്നിധിയിൽ അവനെ കുറവുള്ളവനാക്കി തീർത്തു. "പുറമെ യെഹൂദനായവനു, പുറമെ ജഡത്തിലുള്ള പരിച്ഛേദനക്കാരന് അവനു ദൈവത്താൽ അല്ല മനുഷ്യരാലത്രേ പുകഴ്ച ലഭിക്കുന്നത്."

ഈ ഉപമയുടെ സാക്ഷാത്കാരം അത്രേ യെരുശലേമിലേക്കുള്ള തന്റെ യാത്രാ മദ്ധ്യേ അന്വർത്ഥമാകുന്നത്. ഒരു പരീശനെയും ചുങ്കക്കാരനെയും കണ്ടുമുട്ടുവാനും അവരെ രണ്ടുപേരെയും നേടുവാനും യേശുകർത്താവിന്റെ പരിശ്രമവുമാണ്. വായനാഭാഗത്തിന്റെ ഇതിവൃത്തം.

വഴി മധ്യേ കണ്ടുമുട്ടുന്ന ആദ്യ കഥാപാത്രം പരീശന്മാരുടെയെല്ലാം ഒരു പ്രതിനിധിയായി നിലകൊള്ളുന്ന പ്രമാണി. നിത്യജീവനെ അവകാശമാക്കുവാനുള്ള താത്പര്യത്തോടെ യേശുവുമായി സംഭാഷണം നടത്തുന്നു. അദ്ദേഹത്തിന്റെ സംഭാഷണം ശ്രദ്ധിച്ചാൽ മതിയാകും ഉപമയിലെ പരീശൻ തന്നെയാണ്. ചെറുപ്പം മുതൽ ന്യായപ്രമാണം അനുസരിച്ച് നടന്നവൻ. നേടുന്നതിൽ എല്ലാം പത്താം കൊടുക്കുന്നുവെന്നും ലോകത്തിലുള്ള സകല മനുഷ്യരെക്കാളും നിന്നോട് പറ്റിയിരിക്കുന്നത് ഞാനാണെന്നുള്ള പരീശന്റെ

അവകാശ വാദം, യേശു കർത്താവ് അവന്റെ സമ്പത്തിനെ ഒന്നു ഒപ്പിച്ചുകളയുവാനുള്ള ആവശ്യത്തെ നിരാകരിച്ചു മടങ്ങി പോയി.

അവൻ സ്നേഹിച്ചിരുന്ന സമ്പത്തിനെ തൊടുമ്പോൾ അവൻ ആകെപ്പാടെ ഞെട്ടിപ്പോയി. പച്ചയായി ചിന്തിക്കുന്ന ഏതൊരാൾക്കും അംഗീകരിക്കുവാൻ കഴിയാത്ത ഒരു സംഗതിയാണ് യേശു ആവശ്യപ്പെട്ടത് അവനു പാരമ്പര്യമായി കിട്ടിയ സമ്പത്തുകൾ, തന്റെ തന്നെ അധ്വാനത്താൽ നേടിയ സ്വത്തുക്കൾ, എല്ലാം ഒരു നിമിഷം കൊണ്ടു എഴുതി ദരിദ്രന്മാർക്കു കൊടുത്തേച്ചു ഇനിയും ഞാൻ ദരിദ്രനായി ജീവിക്കാനോ?

ഇനിയും ഒരു പക്ഷെ ലോകപരമായ ഈ മണ്ടത്തരം ചെയ്യാമെന്നു വച്ചാലോ, ഭാര്യ സമ്മതിക്കുമോ, തന്റെ സമ്പത്തിന്റെ നല്ലൊരു പങ്കു നേടുവാൻ യത്നിച്ച മാതാ-പിതാക്കൾ സമ്മതിക്കുമോ, മക്കളും വളർന്നു വരുന്നു, അവരുടെ ഭാവിയെന്താകും. അനേക ചോദ്യങ്ങൾ.... ധനവാനായ ഈ മനുഷ്യൻ വളരെ ദുഃഖിതനായി തീർന്നു. എത്ര പരിതാപകരമായ അവസ്ഥയെന്നു നോക്കു! നിത്യജീവനെ തേടിയുള്ള യുവാവിന്റെ പ്രവേശനം വളരെ പ്രതീക്ഷ . . . . . . നൽകിയതാണ്. അവൻ ആഗ്രഹിച്ചിരുന്നത്, യേശുകർത്താവിന്റെ പക്കൽ നിന്നും താൻ ചെയ്തു വരുന്ന സകല പ്രവർത്തികൾ നിമിത്തം ഒരു PASS MARK വാങ്ങി പോകാം എന്നായിരുന്നു. ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് സ്വർഗ്ഗരാജ്യ പ്രവേശനം സാധ്യമാകും എന്നു വിചാരിച്ചു സ്വയം നീതീകരിക്കപ്പെട്ടു

നടന്ന പരിശവൃത്തം, നിത്യമായ ഒരു ജീവിതം ഉണ്ടു എന്നു മനസ്സിലാക്കിയിരുന്നവർ, "നഷ്ടപ്പെടുന്നതിനെ ഉപേക്ഷിക്കുവാൻ തയ്യാറാകാത്ത ദയനീയത". ഒരിക്കലും നഷ്ടപ്പെടാത്ത നിത്യജീവനേക്കാൾ ഉപരിയായി നഷ്ടപ്പെടുന്ന സമ്പത്തിനെ അവൻ താലോലിച്ചു. ഈ ധനവാന്റെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത്, ധനവാന്മാർ ദൈവരാജ്യത്തിൽ കടക്കുവാൻ പ്രയാസമാണെന്നാണ്. ധനം അവരുടെ ജീവിതത്തെ അത്രയേറെ സ്വാധിനിച്ചിരിക്കുന്നു. സമൂഹത്തിൽ ഉന്നതമായ സ്ഥാനം വഹിച്ചിട്ടു താഴേക്ക് ഇറങ്ങി വരുവാനുള്ള വൈമനസ്യം ചുങ്കക്കാരുടെയും പാപികളുടെയും നേർക്കു ചൂണ്ടുന്ന വിരലുകൾ ഒരിക്കൽപോലും ഇവർ തങ്ങളിലേക്കു തിരിക്കുന്നില്ല എന്നു നാം മനസ്സിലാക്കുന്നു.

സമ്പന്നരുടെ ദൈവരാജ്യ പ്രവേശനം തുലോം കുറവ് ആണെന്നുള്ള യേശു കർത്താവിന്റെ വെളിപ്പെടുത്തൽ കേട്ടുനിന്നവരെ അത്ഭുതപ്പെടുത്തി. രക്ഷിക്കപ്പെടുവാനുള്ള അവരുടെ സാധ്യതകളെ മങ്ങലേൽപ്പിക്കുമെന്നു ഭയന്നിരുന്നിടത്തു നിന്നു യേശു കർത്താവിന്റെ പരിഹാരം, നിങ്ങളുടെ ആശ്രയം സമ്പത്തിൽ നിന്ന് ദൈവത്തിലേക്കാക്കു മനുഷ്യരാൽ അസാധ്യമാണ് ഈ കാര്യം. എന്നാൽ ദൈവത്താൽ സാധ്യവും. രക്ഷിക്കപ്പെടുവാൻ, മനുഷ്യരുടെ സ്വയപ്രയത്നത്താൽ സമ്പത്തുള്ളവനും ദരിദ്രനും എല്ലാവർക്കും അസാധ്യം. എല്ലാവർക്കും ദൈവത്തിന്റെ കരുണ ആവശ്യമാണ് രക്ഷയിലേക്കു നയിക്കപ്പെടുവാൻ

നമ്മുടെ ചിന്തയുടെ രണ്ടാം ഭാഗത്തിനു കർത്താവിന്റെ യെരുശലേമിലേക്കുള്ള യാത്രാമധ്യേ കണ്ടുമുട്ടുന്ന ചുങ്കക്കാരുടെ

പ്രതിനിധി, പ്രമാണിയും ധനവാനുമായ സക്കായിയായിരുന്നു. ഉപമയിൽ പറഞ്ഞിരിക്കുന്നതു പോലെ തന്നെ സക്കായിയും ദൈവത്തെ തിരിച്ചറിയുവാനുള്ള ആഗ്രഹം മനസ്സിൽ കൊണ്ടു നടന്നെങ്കിലും പ്രവർത്തിക ജീവിതത്തിൽ എത്തിക്കുവാൻ സാധിച്ചിട്ടില്ലായിരുന്നു. പരീശന്റെ പോലെ സമയക്ലിപ്തത ഒന്നും ചുങ്കക്കാരന്റെ ജീവിതത്തിൽ ഇല്ലാതിരുന്നു. ഇനിയും ഒരു പക്ഷെ ചുങ്കക്കാരൻ മനസ് മാനസാന്തരപ്പെട്ടാലും പരീശൻ അതു സമ്മതിച്ചു കൊടുക്കുകയുമില്ല.

സ്വയ നീതിമാൻ ഒരിക്കലും തന്റെ പാപത്തെ കുറിച്ച് ബോധ്യമുള്ളവനായിരിക്കുകയില്ല. നിരപ്പു പ്രാപിക്കുവാൻ ആഗ്രഹിക്കുകയുമില്ല. ഇവിടെ ചുങ്കക്കാരുടെ പ്രമാണി അങ്ങനെയല്ല ഉപമയിലെ ചുങ്കക്കാരനെ പോലെ തന്നെ കുറ്റം വിധിക്കുന്ന കണ്ണുകൾ നാലുപാടും നിൽക്കുമ്പോഴും എല്ലാ വിരലുകളും തന്റെ നേരെ പാപിയെന്നു ചൂണ്ടികാണിക്കപ്പെടുമ്പോഴും തന്റെ തെറ്റുകൾ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുവാനും, തിരുത്തലുകൾ വരേണ്ടിയിടത്തൊക്കെ പരീശനെ പോലെ സ്വയ നീതിമാൻ എന്നു തെറ്റിദ്ധരിക്കാത്തതു മൂലമായി, തന്നിൽ കുറവുകൾ ഉണ്ടെന്നും അത് ഉപേക്ഷിക്കുവാനും ഉള്ള മനസ്സ് ചുങ്കക്കാരന്റെ പ്രത്യേകതയായി കാണപ്പെടുന്നു.

ഈ ഉപമയുടെ അന്വേർത്ഥ കഥാപാത്രങ്ങൾ രണ്ടുപേരും ധനവാന്മാരാണ്, രണ്ടുപേരും പ്രമാണിമാരാണ്. സമൂഹത്തിൽ സ്വാധീനവും പ്രശസ്തരുമാണ്. എന്നാൽ പരീശൻ തന്റെ പ്രവർത്തികൾ കൊണ്ടും കല്പനകൾ പാലിക്കുന്നുവെന്നതിന്റെ പിൻബലം കൊണ്ടും ദൈവ-

സന്നിധിയിൽ എത്തപ്പെടുമെന്നു മോഹിച്ചു പരാജയപ്പെട്ടു. പരീശ മനോഭാവം തിരുത്തലുകൾ ആവശ്യമില്ലാത്തതായിരുന്നു ആരാലും ഉപദേശിക്കപ്പെടുവാനും ആഗ്രഹിക്കാത്തതും അനുവദിക്കാത്തതുമായിരുന്നു. പരീശൻ ചട്ടങ്ങളെയും നിയമങ്ങളെയും സ്വീകരിച്ചു ദാതാവിനെ ഉപേക്ഷിച്ചു. എന്നാൽ സക്കായി വേഗത്തിൽ കാട്ടത്തിയിൽ നിന്നും ഇറങ്ങി സന്തോഷത്തോടെ യേശുവിനെ കൈക്കൊണ്ടു. ധനവാനായ പരീശനോട് ഉപേക്ഷിക്കുവാൻ പറഞ്ഞ സമ്പത്തിനെ പറയാതെ തന്നെ സക്കായി ദരിദ്രർക്ക് പകുത്തു കൊടുത്തു. ദൈവത്തെ ഹൃദയത്തിൽ കൈ-കൊണ്ടവന്റെയും ദൈവത്തെ ഉപേക്ഷിച്ചു നിയമങ്ങളെ മാത്രം പിന്തുടർന്നവനും തമ്മിലുള്ള വ്യത്യാസം.

ചുങ്കക്കാരുടെ പ്രതിനിധിയായ സക്കായിയെ കുറിച്ച് സ്വർഗ്ഗം ആനന്ദിച്ചപ്പോൾ, യേശുവിന്റെ മനസ്സിൽ വേദനയായി, പ്രമാണിയും പരീശന്റെ പ്രതിനിധിയുമായ ധനവാൻ മാറ്റപ്പെട്ടു.

"തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും:
തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും"

# പഴയ പാട്ടുകൾ



കൊച്ചുകുഞ്ഞു ഉപദേശി

കർത്താവേ നിൻ നാമം എന്നുമെല്ലായ്പ്പോഴും
സ്തോത്രമേ
സ്വർഗ്ഗത്തിലും ഭൂമിയിലും ഇതുപോലില്ലൊരു നാമമേ

അരക്കാശിനും മുതലില്ലാത്ത തല ചായ്പ്പാനും സ്ഥലമില്ലാത്ത
മുപ്പത്തിമൂന്നര കൊല്ലം പാർത്തലത്തിൽ പാർത്തല്ലോ നീ

ജന്മസ്ഥലം വഴിയമ്പലം ശയ്യാഗൃഹം പുൽക്കൂടാക്കി
വഴിയാധാരജീവിയായി നീ ഭൂലോകത്തെ സന്ദർശിച്ചു.

എല്ലാവർക്കും നന്മ ചെയ്‌വാൻ എല്ലായ്പ്പോഴും സഞ്ചരിച്ചു
എല്ലാടത്തും ദൈവസ്നേഹം വെളിവാക്കി നീ മരണത്തോളം

സാത്താനെ നീ തോല്പിച്ചവൻ സർവ്വാധ്യക്ഷൻ അവനല്ലോ
സ്വർഗ്ഗക്കാർക്കോ സങ്കേതമായ് ഭൂലോകത്തിൽ നീ മാത്രമേ

ദുഷ്ടന്മാരെ രക്ഷിപ്പാനും ദോഷം കൂടാതാക്കിടാനും
രക്ഷിതാവായി ക്ഷിതിയിൽ കാണപ്പെട്ട ദൈവം നീയേ

ചങ്കിൻ ചോര ഗത്സമനിൽ വെച്ചുണ്ടായ പോരാട്ടത്തിൽ
തുള്ളി തുള്ളി വിയർത്തതാൽ ദൈവകോപം നീങ്ങിപ്പോയി

ധീവരന്മാർക്കും ഭോഷന്മാർക്കും ചുങ്കക്കാർ അല്ലാത്തോർക്കും
ഇഷ്ടംപോലെ എന്തും ചെയ്‌വാൻ കൂട്ടുപോൽ
നിന്നല്ലോ നീ

കുരിശിന്മേൽ നീ കൈകാൽകളിൽ ആണി ഏറ്റു
കരയുന്നോരാ
നരകത്തിന്റെ തിരമാലയിൽ നിന്നെല്ലാരേം രക്ഷിച്ചു നീ

മൂന്നാം നാളിൽ കല്ലറയിൽ നിന്നുത്ഥാനം ചെയ്തതിനാൽ
മരണത്തിന്റെ പരിതാപങ്ങൾ എന്നെന്നേക്കും നീങ്ങിപ്പോയി

പ്രിയ ശിഷ്യർ മധ്യത്തിൽ നിന്നുയർന്നു നീ സ്വർഗ്ഗത്തിലായി
വീണ്ടും വരാമെന്നല്ലോ നീ ശിഷ്യരോടുരച്ചത്.

ത്രിത്വത്തിന്റെ കർത്താവേ എൻ പ്രാണപ്രിയ സർവ്വസ്വമേ
ശിഷ്യരിൻ [illegible] വീണ്ടും വേഗം വന്നിടണേ.



# ചോദ്യാവലി

i. റോമാ ലേഖനം എഴുതിയതാര്?

ii. മത്തായി എഴുതിയ സുവിശേഷത്തിൽ യേശു ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്ന മൂന്നു സ്ത്രീകൾ ആരെല്ലാം?

iii. "ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം." യേശുകർത്താവിന്റെ ഈ പ്രസ്താവന ആരുമായുള്ള കൂടിക്കാഴ്ചയിലാണ് സംഭവിച്ചത്?

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ


i. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു എന്തു പേരു നല്കേണം എന്നാണ് ദൂതൻ യോസേഫിനോടു പറഞ്ഞത്?
ഉത്തരം: യേശു [മത്തായി 1:21]

ii. ലോക ചരിത്രത്തിൽ ആദ്യമായി രാജാവായിട്ടു പിറന്നവൻ?
ഉത്തരം: യേശു [മത്തായി 2:2]

iii. സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം കർത്താവിന്റെ ദൂതൻ ഇടയന്മാരെ അറിയിച്ചു. എന്തായിരുന്നു ആ മഹാസന്തോഷം?
ഉത്തരം: കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. [ലൂക്കോസ് 2:11]

ശരിയുത്തരം അയച്ചത്: റെജി വർഗീസ്, ഓമല്ലൂർ, പത്തനംതിട്ട.

ഉത്തരങ്ങൾ അയക്കേണ്ട വിലാസം: agape.magasine@gmail.com




follow us:

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com